കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

# ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, 1969

## (1969-ലെ 18-ാം നമ്പർ ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1975

കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

# ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, 1969

(1969-ലെ 18-ാം നമ്പർ ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

1975

©
കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

# ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, 1969

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.
2. നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും.

### അദ്ധ്യായം II

### രജിസ്ട്രേഷൻ—ഉദ്യോഗസ്ഥമണ്ഡലം

3. രജിസ്ട്രാർ-ജനറൽ, ഇൻഡ്യ.
4. ചീഫ് രജിസ്ട്രാർ.
5. രജിസ്ട്രേഷൻ ഡിവിഷനുകൾ.
6. ജില്ലാ രജിസ്ട്രാർ.
7. രജിസ്ട്രാർമാർ.

### അദ്ധ്യായം III

### ജനന മരണ രജിസ്ട്രേഷൻ

8. ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യേണ്ട ആളുകൾ.
9. ഒരു പ്ലാന്റേഷനിലെ ജനന മരണങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.
10. ജനന മരണങ്ങൾ അറിയിക്കുവാനും മരണകാരണം സർട്ടിഫൈ ചെയ്യുവാനും ചില ആളുകൾക്കുള്ള കർത്തവ്യം.
11. അറിവു കൊടുക്കുന്ന ആൾ രജിസ്ററിൽ ഒപ്പിട്ടുകൊടുക്കണമെന്ന്.
12. അറിവു കൊടുക്കുന്ന ആൾക്ക് രജിസ്ട്രേഷന്റെ ഉൾക്കുറിപ്പുകളുടെ എക്സ്ട്രാക്റ്റ് നല്കണമെന്ന്.
13. താമസിച്ചുള്ള ജനന മരണ രജിസ്ട്രേഷൻ.
14. കുട്ടിയുടെ പേരിന്റെ രജിസ്ട്രേഷൻ.
15. ജനന മരണ രജിസ്ററിലെ ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യൽ.

അദ്ധ്യായം IV

## റിക്കാർഡുകളും സ്ഥിതിവിവരക്കണക്കുകളും വച്ചുപോരൽ

16. രജിസ്ട്രാർമാർ രജിസ്ററുകൾ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സൂക്ഷിക്കണമെന്ന്.
17. ജനന മരണ രജിസ്ററിന്റെ ശോധന.
18. രജിസ്ട്രേഷൻ ആഫീസുകളുടെ പരിശോധന.
19. രജിസ്ട്രാർമാർ ചീഫ് രജിസ്ട്രാർക്ക് സമാഹരണത്തിനുവേണ്ടി കാലിക റിട്ടേണുകൾ അയക്കണമെന്ന്.

അദ്ധ്യായം V

പലവക

20. പൗരൻമാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.
21. ജനനമോ മരണമോ സംബന്ധിച്ചുള്ള വിവരം ലഭിക്കാൻ രജിസ്ട്രാർക്കുള്ള അധികാരം.
22. നിദേശങ്ങൾ നല്കാനുള്ള അധികാരം.
23. ദണ്ഡനങ്ങൾ.
24. കുററങ്ങൾ രാജിയാക്കാനുള്ള അധികാരം.
25. പ്രാസിക്യൂഷനുള്ള അനുമതി.
26. രജിസ്ട്രാറും സബ് രജിസ്ട്രാറും പബ്ലിക് സർവൻറുമാരായി കരുതപ്പെടണമെന്ന്.
27. അധികാരങ്ങൾ പ്രത്യായോജനം ചെയ്യൽ.
28. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്കുള്ള രക്ഷണം.
29. ഈ ആക്ററ് 1886-ലെ 6-ാം ആക്ററിന് ന്യൂനത വരുത്തുന്നതല്ല.
30. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
31. റദ്ദാക്കലും ഒഴിവാക്കലും.
32. വിഷമത നീക്കംചെയ്യുവാനുള്ള അധികാരം.

---

# ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, 1969

(1969-ലെ 18-ാം നമ്പർ ആക്റ്റ്)

[1969 മേയ്, 31]

## ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ക്രമപ്പെടുത്തുവാൻ വേണ്ടിയും അതുസംബന്ധമായ മററു കാര്യങ്ങൾക്കു വേണ്ടിയും വ്യവസ്ഥചെയ്യുവാനുള്ള ആക്റ്റ്

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ഇരുപതാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും:— (1) ഈ ആക്റ്റിന് ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, 1969 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് ഏതെങ്കിലും സ്റ്റേററിൽ, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു :

എന്നാൽ ഏതെങ്കിലും സ്റ്റേററിലെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതാണ്.

2. നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും:— (1) ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''ജനനം'' എന്നാൽ ജീവത്-ജനനമോ മൃത-ജനനമോ എന്ന് അർത്ഥമാകുന്നു.

(ഖ) ''മരണം'' എന്നാൽ ജീവത്-ജനനം ഉണ്ടായതിനുശേഷം ഏതെങ്കിലും സമയത്ത്, ജീവൻ ഉള്ളതിൻെറ എല്ലാ ലക്ഷണങ്ങളുടേയും സ്ഥിരമായ തിരോധാനം എന്നർത്ഥമാകുന്നു.

(ഗ) ''ഭ്രൂണമരണം'' എന്നാൽ ഗർഭത്തിൻെറ കാലയളവ് പരിഗണിക്കാതെ ഗർഭധാനത്തിലെ ഉൽപന്നം, അതിൻെറ മാതാവിൽനിന്ന് മുഴുവനും പുറത്തുവരികയോ പുറത്തെടുക്കപ്പെടുകയോ ചെയ്യുന്നതിനുമുമ്പ് ജീവനുള്ളതിൻെറ എല്ലാ ലക്ഷണങ്ങളുടേയും അഭാവം എന്നർത്ഥമാകുന്നു.

(ഘ) ''ജീവത്-ജനനം'' എന്നാൽ ഗർഭത്തിൻെറ കാലയളവു പരിഗണിക്കാതെ ഗർഭധാനത്തിലെ ഉൽപന്നം, അതിൻെറ മാതാവിൽനിന്ന് മുഴുവനും പുറത്തുവരികയോ പുറത്തെടുക്കപ്പെടുകയോ ചെയ്യുകയും, അത് അങ്ങനെ പുറത്തുവരികയോ പുറത്തെടുക്കപ്പെടുകയോ ചെയ്തതിനുശേഷം ശ്വസിക്കുകയോ ജീവനുള്ളതിൻെറ മറേറതെങ്കിലും ലക്ഷണം കാണിക്കുകയോ ചെയ്യുകയും ചെയ്യുക എന്നർത്ഥമാകുന്നു; അങ്ങനെയുള്ള ജനനത്തിലെ ഓരോ ഉൽപന്നത്തിനും ജീവത്-ജനനം ഉണ്ടായതായി പരിഗണിക്കപ്പെടുന്നതാകുന്നു.

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(ച) "സ്റ്റേറ്റ് ഗവൺമെൻറ്" എന്നാൽ ഒരു യൂണിയൻ രാജ്യക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം, അതിൻെറ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു.

(ഛ) "മൃത-ജനനം" എന്നാൽ ഗർഭധാനത്തിലെ ഉൽപന്നത്തിന്, ഗർഭപൂർത്തിക്ക് നിർണ്ണയിച്ചിട്ടുള്ള കാലാവധി എത്തിയിട്ടുള്ളിടത്ത്, ഭ്രൂണമരണം എന്നർത്ഥമാകുന്നു.

(2) ഏതെങ്കിലും പ്രദേശത്ത് പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും നിയമത്തെക്കുറിച്ചുള്ള ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശം, ആ പ്രദേശം സംബന്ധിച്ചിടത്തോളം, അവിടെ പ്രാബല്യത്തിലിരിക്കുന്ന തൽസ്ഥാനീയ നിയമം എന്തെങ്കിലുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

## അദ്ധ്യായം II

## രജിസ്ട്രേഷൻ-ഉദ്യോഗസ്ഥമണ്ഡലം

3. രജിസ്ട്രാർ-ജനറൽ, ഇൻഡ്യ :— (1) കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, രജിസ്ട്രാർ ജനറൽ, ഇൻഡ്യ എന്ന് അറിയപ്പെടേണ്ട ഒരാളെ നിയമിക്കാവുന്നതാണ്.

(2) രജിസ്ട്രാർ ജനറൽ നിർവ്വഹിക്കുവാൻ അതതുസമയം പ്രാധികാരം നല്കുന്ന, ഈ ആക്റ്റിൻ കീഴിലെ അദ്ദേഹത്തിനുള്ള ചുമതലകൾ അദ്ദേഹത്തിൻെറ മേലന്വേഷണത്തിനും നിദേശത്തിനും കീഴിൽ നിർവ്വഹിക്കേണ്ട ആവശ്യത്തിലേക്ക്, കേന്ദ്ര ഗവൺമെൻറിന് യുക്തമെന്നു തോന്നുന്ന മററു ഉദ്യോഗസ്ഥൻമാരെ യുക്തമെന്നു തോന്നുന്ന ഉദ്യോഗപ്പേരുകളോടുകൂടി നിയമിക്കാവുന്നതും ആണ്.

(3) ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലെ ജനന മരണങ്ങൾ, രജിസ്റ്റർ ചെയ്യുന്നതുസംബന്ധിച്ച് രജിസ്ട്രാർ ജനറൽക്ക് സാമാന്യ നിദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും, അയാൾ ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്ന കാര്യത്തിലെ ചീഫ് രജിസ്ട്രാർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുകയും, മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങളിലെ, ഈ ആക്റ്റിൻെറ നടത്തിപ്പുസംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ട് കേന്ദ്ര ഗവൺമെൻറിന് സമർപ്പിക്കുകയും ചെയ്യേണ്ടതും, ആകുന്നു.

4. ചീഫ് രജിസ്ട്രാർ :— (1) സ്റ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ആ സ്റ്റേററിലേക്ക് ഒരു ചീഫ് രജിസ്ട്രാറെ നിയമിക്കാവുന്നതാണ്.

(2) ചീഫ് രജിസ്ട്രാർ നിർവ്വഹിക്കുവാൻ അതതുസമയം പ്രാധികാരം നല്കുന്ന അദ്ദേഹത്തിനുള്ള ചുമതലകൾ അദ്ദേഹത്തിൻെറ മേലന്വേഷണത്തിനും നിദേശത്തിനുംകീഴിൽ നിർവ്വഹിക്കേണ്ട ആവശ്യത്തിലേക്ക്, സ്റ്റേററ് ഗവൺമെൻറിന് യുക്തമെന്ന് തോന്നുന്ന മററ് ഉദ്യോഗസ്ഥൻമാരെ യുക്തമെന്നു തോന്നുന്ന ഉദ്യോഗപ്പേരുകളോടുകൂടി നിയമിക്കാവുന്നതും ആണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകളും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളും ഉത്തരവുകളും, സ്റ്റേറ്റ് ഗവൺമെൻറ് നല്കുന്ന നിദേശങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവയ്ക്കു വിധേയമായി നിർവ്വഹിക്കുന്നതിനുവേണ്ടി ചീഫ് രജിസ്ട്രാർ, സ്റ്റേറ്റിലെ മുഖ്യ നിർവ്വാഹകാധികാരി ആയിരിക്കുന്നതാണ്.

(4) കാര്യക്ഷമമായ ഒരു രജിസ്ട്രേഷൻ സംപ്രദായം സംപ്രാപ്തമാക്കുന്നതിനുവേണ്ടി സ്റ്റേറ്റിലെ രജിസ്ട്രേഷൻ പ്രവർത്തനം ഏകോപിക്കുകയും ഏകീകരിക്കുകയും, അതിൻെറ മേൽനോട്ടം വഹിക്കുകയും ചെയ്യുവാൻ അനുയോജ്യമായ ആദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടോ മററുവിധത്തിലോ ചീഫ് രജിസ്ട്രാർ നടപടികൾ എടുക്കേണ്ടതും, സ്റ്റേറ്റിൽ ഈ ആക്റ്റിൻെറ നടത്തിപ്പുസംബന്ധിച്ച ഒരു റിപ്പോർട്ട്, 19-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്ഥിതിവിവര റിപ്പോർട്ടോടുകൂടി നിർണ്ണയിക്കപ്പെടുന്ന വിധത്തിലും ഇടവിട്ടും സ്റ്റേറ്റ് ഗവൺമെൻറിന് തയ്യാറാക്കി സമർപ്പിക്കേണ്ടതും ആകുന്നു.

5. <u>രജിസ്ട്രേഷൻ ഡിവിഷനുകൾ</u>.— സ്റ്റേറ്റ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, സ്റ്റേറ്റിനുള്ളിലെ രാജ്യക്ഷേത്രം, യുക്തമെന്ന് തോന്നുന്ന രജിസ്ട്രേഷൻ ഡിവിഷനുകളായി വിഭജിക്കുകയും വ്യത്യസ്ത രജിസ്ട്രേഷൻ ഡിവിഷനുകൾക്ക് വ്യത്യസ്ത ചട്ടങ്ങൾ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

6. <u>ജില്ലാ രജിസ്ട്രാർ</u> :— (1) സ്റ്റേറ്റ് ഗവൺമെൻറിന്, ഓരോ റവന്യൂ ഡിസ്ട്രിക്ടിനും ഒരു ജില്ല രജിസ്ട്രാറേയും, യുക്തമെന്ന് തോന്നുന്നത്ര അഡീഷണൽ ജില്ലാ രജിസ്ട്രാർമാരേയും നിയമിക്കാവുന്നതും, അഡീഷണൽ ജില്ലാ രജിസ്ട്രാർമാർ നിർവ്വഹിക്കുവാൻ അതതുസമയത്ത് പ്രാധികാരം നൽകുന്ന അദ്ദേഹത്തിൻെറ ചുമതലകൾ അദ്ദേഹത്തിൻെറ സാമാന്യമായ നിയന്ത്രണത്തിനും നിദേശത്തിനും വിധേയമായി നിർവ്വഹിക്കേണ്ടതും ആകുന്നു.

(2) ജില്ലാ രജിസ്ട്രാർ, ചീഫ് രജിസ്ട്രാറുടെ നിദേശത്തിന് വിധേയനായി, ആ ജില്ലയിലെ ജനന മരണങ്ങൾ രജിസ്ററർ ചെയ്യുന്നതിൻെറ മേലന്വേഷണം നടത്തേണ്ടതും, ഈ ആക്റ്റിലെ വ്യവസ്ഥകളും ഈ ആക്റ്റിൻെറ ആവശ്യത്തിലേക്കുവേണ്ടി ചീഫ് രജിസ്ട്രാർ അപ്പോഴപ്പോൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർവ്വഹിക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതും ആകുന്നു.

7. <u>രജിസ്ട്രാർമാർ</u>.— (1) സ്റ്റേറ്റ് ഗവൺമെൻറിന്, ഒരു മുനിസിപ്പാലിററിയുടേയോ, പഞ്ചായത്തിൻേറയോ മററു തദ്ദേശാധികാരസ്ഥാനത്തിൻേറയോ ക്ഷേത്രാധികാരത്തിലുള്ള പ്രദേശമോ, മറേറതെങ്കിലും പ്രദേശമോ, അല്ലെങ്കിൽ അവയിൽ രണ്ടോ അതിലധികമോ ചേർന്ന പ്രദേശമോ ഉൾക്കൊള്ളുന്ന ഓരോ തദ്ദേശപ്രദേശത്തിനും ഒരു രജിസ്ട്രാറെ നിയമിക്കാവുന്നതാണ്:

എന്നാൽ സ്റ്റേറ്റ് ഗവൺമെൻറിന്, ഒരു മുനിസിപ്പാലിററിയുടേയോ പഞ്ചായത്തിൻേറയോ അല്ലെങ്കിൽ മററ് തദ്ദേശാധികാരസ്ഥാനത്തിൻേറയോ കാര്യത്തിൽ, അതിലെ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ മററു ജീവനക്കാരനേയോ ഒരു രജിസ്ട്രാറായി നിയമിക്കാവുന്നതാണ്.

(2) ഓരോ രജിസ്ട്രാറും, ഫീസോ പ്രതിഫലമോ ഇല്ലാതെ, 8-ാം വകുപ്പിൻേറയോ 9-ാം വകുപ്പിൻേറയോ കീഴിൽ തനിക്ക് നല്കപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും തദർത്ഥം സൂക്ഷിച്ചിട്ടുള്ള രജിസ്ററിൽ ചേർക്കേണ്ടതും,

കൂടാതെ, തന്റെ ക്ഷേത്രാധികാരത്തിനുള്ളിൽ സംഭവിക്കുന്ന ഏതൊരു ജനനത്തേയും മരണത്തേയും കുറിച്ച് അവധാനപൂർവ്വം തനിക്ക് അറിവു കിട്ടുന്നതിനും രജിസ്ററർ ചെയ്യേണ്ടതായ വിവരങ്ങൾ തിട്ടപ്പെടുത്തുകയും രജിസ്ററർ ചെയ്യുകയും ചെയ്യുന്നതിനും വേണ്ട നടപടികൾ എടുക്കേണ്ടതും ആകുന്നു.

(3) ഓരോ രജിസ്ട്രാർക്കും, താൻ ഏത് തദ്ദേശപ്രദേശത്തേക്കാണോ നിയമിക്കപ്പെട്ടിട്ടുള്ളത്, അവിടെ ഒരു ആഫീസ് ഉണ്ടായിരിക്കേണ്ടതാകുന്നു.

(4) ഓരോ രജിസ്ട്രാറും, ജനന മരണങ്ങൾ രജിസ്ററർ ചെയ്യുന്നതിലേക്ക് ചീഫ് രജിസ്ട്രാർ നിദേശിക്കുന്ന തീയതികളിലും സമയങ്ങളിലും, തന്റെ ആഫീസിൽ ഹാജരാകേണ്ടതും, തദ്ദേശഭാഷയിൽ തന്റെ പേരും, കൂടാതെ താൻ ഏതു തദ്ദേശപ്രദേശത്തേക്കാണോ നിയമിക്കപ്പെട്ടിട്ടുള്ളത്, ആ പ്രദേശത്തെ ജനന മരണ രജിസ്ട്രാർ ആണെന്നുള്ളതും, താൻ ഹാജരാകുന്ന ദിവസങ്ങളും സമയങ്ങളും കാണിച്ചുകൊണ്ടുള്ള ഒരു ബോർഡ് രജിസ്ട്രാരുടെ ആഫീസിന്റെ പുറംവാതിലിൻമേലോ അതിനു സമീപത്തോ ശ്രദ്ധയെ ആകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് വയ്പിക്കേണ്ടതും ആകുന്നു.

(5) രജിസ്ട്രാർക്ക്, ചീഫ് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, സബ് രജിസ്ട്രാർമാരെ നിയമിക്കാവുന്നതും, തന്റെ ക്ഷേത്രാധികാരത്തിനുള്ളിലെ വിനിർദ്ദിഷ്ടപ്രദേശങ്ങൾ സംബന്ധിച്ച്, തന്റെ അധികാരങ്ങളിലും കർത്തവ്യങ്ങളിലും ഏതെങ്കിലുമോ അവ മുഴുവനുമോ അവരെ ഏല്പിക്കാവുന്നതും ആണ്.

## അദ്ധ്യായം III

## ജനന മരണ രജിസ്ട്രേഷൻ

8. ജനന മരണങ്ങൾ രജിസ്ററർ ചെയ്യേണ്ട ആളുകൾ :— (1) നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ, 18-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്റേററ് ഗവൺമെൻറ് നിർണ്ണയിച്ചിട്ടുള്ള ഫാറങ്ങളിൽ ചേർക്കേണ്ടതിലേക്ക് വേണ്ട വിവിധ വിവരങ്ങളെക്കുറിച്ച് തങ്ങളുടെ അറിവിന്റേയും വിശ്വാസത്തിന്റേയും പരമാവധിക്കൊത്തവണ്ണം രജിസ്ട്രാർക്ക്, വാക്കാലോ എഴുതിയോ അറിവുകൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യേണ്ടത്, താഴെ വിനിർദ്ദേശിച്ച ആളുകളുടെ കർത്തവ്യം ആകുന്നു,—

(ക) (ഖ) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലമല്ലാത്ത ഒരു ഭവനത്തിലെ, അത് വാസസ്ഥലമായാലും അല്ലെങ്കിലും, ജനന മരണങ്ങളെസംബന്ധിച്ചിടത്തോളം ആ ഭവനത്തിലെ തലവനും അല്ലെങ്കിൽ ആ ഭവനത്തിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു എങ്കിൽ കുടുംബത്തിലെ തലവനും,—തലവൻ ഭവനത്താലോ, കുടുംബത്താലോ അപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള ആളാണ്—അയാൾ ജനനമോ മരണമോ റിപ്പോർട്ടുചെയ്യേണ്ട കാലയളവിൽ ഏതെങ്കിലും സമയത്ത് ഭവനത്തിൽ ഇല്ലാത്ത പക്ഷം, തലവന്റെ അവിടെയുള്ള ഏററവും അടുത്ത ബന്ധുവും, അങ്ങനെ ആരുമില്ലെങ്കിൽ, മേല്പറഞ്ഞ കാലയളവിൽ അവിടെയുള്ള പ്രായപൂർത്തി ആയവരിൽ ഏററവും കൂടുതൽ പ്രായമുള്ള പുരുഷനും ആകുന്നു ;

(ഖ) ആസ്പത്രിയിലോ, ആരോഗ്യ കേന്ദ്രത്തിലോ പ്രസൂതിമന്ദിരത്തിലോ നഴ്സിങ്ങ് ഹോമിലോ അല്ലെങ്കിൽ അതുപോലെയുള്ള മററു സ്ഥാപനത്തിലോ വച്ചുള്ള ജനന മരണങ്ങളെസംബന്ധിച്ചിടത്തോളം, ചാർജ്ജുള്ള മെഡിക്കൽ ആഫീസർ, അല്ലെങ്കിൽ ഇതിലേക്ക് അയാൾ പ്രാധികാരം നല്കുന്ന ഏതെങ്കിലും ആൾ ;

(ഗ) ജെയിലിൽവച്ചുള്ള ജനനമരണങ്ങളെ സംബന്ധിച്ചിടത്തോളം ചാർജ്ജുള്ള ജെയിലർ;

(ഘ) ഒരു വഴിയമ്പലത്തിലോ സത്രത്തിലോ ഹോസ്ററലിലോ ധർമ്മശാലയിലോ ബോർഡിങ്ങ് ഹൗസിലോ ലാഡ്ജിങ്ങ് ഹൗസിലോ തവാണ്ണയിലോ ബാരക്സിലോ കള്ളുഷാപ്പിലോ പൊതുഗമ്യ സ്ഥലത്തോ വച്ചുള്ള ജനനമരണങ്ങളെ സംബന്ധിച്ചിടത്തോളം, അതിന്റെ ചാർജ്ജുള്ള ആൾ;

(ങ) പൊതുസ്ഥലത്ത് കൈവെടിഞ്ഞതായി കാണപ്പെട്ട ഏതെങ്കിലും നവജാത ശിശുവിനേയോ, മൃതശരീരത്തേയോ സംബന്ധിച്ചിടത്തോളം, ഒരു ഗ്രാമത്തിന്റെ സംഗതിയിൽ ആ ഗ്രാമത്തലവനും അല്ലെങ്കിൽ തൽസ്ഥാനത്തുള്ള മററു ഉദ്യോഗസ്ഥനും, മററു സ്ഥലത്ത് അവിടത്തെ പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനും:

എന്നാൽ അങ്ങനെയുള്ള ശിശുവിനേയോ മൃതശരീരത്തേയോ കണ്ടെത്തുന്ന ഏതെങ്കിലും ആളോ അല്ലെങ്കിൽ ആരുടെ ചാർജ്ജിലാണോ അങ്ങനെയുള്ള ശിശുവിനേയോ മൃതശരീരത്തേയോ വച്ചിട്ടുണ്ടാകാവുന്നത്, ആ ആളോ, മുൻപറഞ്ഞ തലവനേയോ ഉദ്യോഗസ്ഥനേയോ അങ്ങനെയുള്ള വസ്തുത അറിയിക്കേണ്ടതാകുന്നു.

(ച) മറേറതെങ്കിലും സ്ഥലത്താണെങ്കിൽ, നിർണ്ണയിക്കപ്പെട്ട ആൾ.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്റേററ് ഗവൺമെൻറിന്, ഒരു രജിസ്ട്രേഷൻ ഡിവിഷനിലെ നിലവിലുള്ള സ്ഥിതിഗതികൾ പരിഗണിച്ചുകൊണ്ട്, ഉത്തരവുപ്രകാരം അതിൽ വിനിർദ്ദേശിക്കുന്ന കാലത്തേക്ക് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഭവനത്തിലെ ജനനമരണങ്ങൾ സംബന്ധിച്ച് ആ ഖണ്ഡത്തിൽ വിനിർദ്ദേശിച്ച ആളുകൾക്കു പകരം, സ്റേററ് ഗവൺമെൻറ് ഉദ്യോഗപ്പേരു പറഞ്ഞ് ഇതിലേക്കായി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ആൾ അറിവു കൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതാണ്.

9. <u>ഒരു പ്ലാൻേറഷനിലെ ജനനമരണങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.</u>—ഒരു പ്ലാൻേറഷനിലെ ജനനമരണങ്ങളുടെ സംഗതിയിൽ പ്ലാൻേറഷനിലെ സൂപ്രണ്ട്, 8-ാം വകുപ്പിൽ കൊടുക്കേണ്ടതായി പരാമർശിച്ച അറിവ് രജിസ്ട്രാർക്ക് കൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യേണ്ടതാകുന്നു:

എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ച ആളുകൾ, ആവശ്യകമായ വിവരങ്ങൾ പ്ലാൻേറഷനിലെ സൂപ്രണ്ടിന് നല്കേണ്ടതാകുന്നു.

<u>വിശദീകരണം</u>:—ഈ വകുപ്പിൽ "പ്ലാൻേറഷൻ" എന്ന പദത്തിന് തേയില, കാപ്പി, കുരുമുളക്, റബർ, ഏലം, ചിങ്കോണ, അല്ലെങ്കിൽ സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും ഉത്പന്നമോ ഉത്പാദിപ്പിക്കപ്പെടുന്നതിനുവേണ്ടി തയ്യാറാക്കുകയോ യഥാർത്ഥമായി ഉൽപാദിപ്പിക്കുകയോ ചെയ്യുന്ന നാല് ഹെക്ടറിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും, പ്ലാൻേറഷനിലെ സൂപ്രണ്ട് എന്ന പദത്തിന് ആ പ്ലാൻേറഷനിലെ തൊഴിലാളികളുടേയും പ്രവർത്തനത്തിന്റേയും ചാർജ്ജും മേൽനോട്ടവും ഉള്ള ആൾ, അയാൾ മാനേജർ എന്നോ സൂപ്രണ്ട് എന്നോ അല്ലെങ്കിൽ മറേറതെങ്കിലും പേരിലോ അറിയപ്പെടുന്നതായാലും, എന്നർത്ഥമാകുന്നതും ആണ്.

10. ജനനമരണങ്ങൾ അറിയിക്കുവാനും മരണകാരണം സർട്ടിഫൈ ചെയ്യുവാനും ചില ആളുകൾക്കുള്ള കർത്തവ്യം.— (1) തന്റെ പരിചരണത്തിലോ സാന്നിദ്ധ്യത്തിലോ ഉണ്ടായതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന പ്രദേശങ്ങളിൽ സംഭവിച്ചതോ ആയ ഏതൊരു ജനനമോ മരണമോ അല്ലെങ്കിൽ രണ്ടുമോ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും രീതിയിലും രജിസ്ട്രാറെ അറിയിക്കേണ്ടത്,—

(i) ജനനസമയത്തോ മരണസമയത്തോ ഉള്ള മിഡ്‌വൈഫിന്റേയോ മററു മെഡിക്കൽ അററൻഡൻറിന്റേയോ ഹെൽത്ത് അററൻഡൻറിന്റേയോ;

(ii) മൃതശരീരങ്ങൾ സംസ്ക്കരിക്കുന്നതിന് വേണ്ടി തിരിച്ചുവച്ചിട്ടുള്ള സ്ഥലത്തിന്റെ സൂക്ഷിപ്പുകാരന്റേയോ ഉടമസ്ഥന്റേയോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലത്ത് സന്നിഹിതനായിരിക്കാൻ തദ്ദേശാധികാരസ്ഥാനം ആവശ്യപ്പെടുന്ന ഏതെങ്കിലും ആളുടേയോ, അല്ലെങ്കിൽ;

(iii) സ്റേററുഗവൺമെൻറ് ഉദ്യോഗപ്പേരു പറഞ്ഞ് ഇതിലേക്കായി നിർദേശിക്കുന്ന മറേറതെങ്കിലും ആളുടേയോ,

കർത്തവ്യം ആകുന്നു.

(2) സ്റേററ് ഗവൺമെൻറിന്, ഏതെങ്കിലും പ്രദേശത്ത്, അവിടെ ഇതിലേക്ക് കിട്ടാവുന്ന സൗകര്യങ്ങൾ പരിഗണിച്ച് രജിസ്ട്രാർ നിർണ്ണയിക്കപ്പെടുന്ന ആളിൽനിന്ന് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും മരണകാരണം സംബന്ധിച്ചുള്ള ഒരു സർട്ടിഫിക്കററ് വാങ്ങേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതാണ്.

(3) മരണകാരണം സംബന്ധിച്ച് ഒരു സർട്ടിഫിക്കററ് വാങ്ങണമെന്ന് (2)–ാം ഉപവകുപ്പുപ്രകാരം സ്റേററ് ഗവൺമെൻറ് ആവശ്യപ്പെടുന്നിടത്ത്, അന്തിമ രോഗകാലത്ത് ഒരു മെഡിക്കൽ പ്രാക്ററീഷണർ പരിചരണം ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ മരിച്ചുപോകുന്ന സംഗതിയിൽ, ആ ആളുടെ മരണത്തിനുശേഷം ഉടനടി ആ മെഡിക്കൽ പ്രാക്ററീഷണർ തന്റെ അറിവിന്റേയും വിശ്വാസത്തിന്റേയും പരമാവധിക്കൊത്തവണ്ണം മരണകാരണം പ്രസ്താവിച്ചുകൊണ്ട് നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള ഒരു സർട്ടിഫിക്കററ്, മരണം സംബന്ധിച്ച അറിവു കൊടുക്കണം എന്ന് ഈ ആക്ററിൻകീഴിൽ ആവശ്യപ്പെടുന്ന ആൾക്ക്, യാതൊരു ഫീസും ചുമത്താതെ നല്കേണ്ടതാകുന്നു; അങ്ങനെയുള്ള സർട്ടിഫിക്കററ് അങ്ങനെയുള്ള ആൾ സ്വീകരിക്കുകയും ഈ ആക്ററ് ആവശ്യപ്പെട്ടപ്രകാരം മരണം സംബന്ധിച്ച് അറിവുകൊടുക്കുമ്പോൾ രജിസ്ട്രാർക്ക് ഡെലിവർ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

11. അറിവുകൊടുക്കുന്ന ആൾ രജിസ്ററിൽ ഒപ്പിട്ടുകൊടുക്കണമെന്ന്.— ഈ ആക്ററിൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരം ഏതെങ്കിലും അറിവ് വാക്കാൽ രജിസ്ട്രാർക്ക് കൊടുത്തിട്ടുള്ള ഏതൊരാളും, ഇതിലേക്ക് സൂക്ഷിച്ചിട്ടുള്ള രജിസ്ററിൽ തന്റെ പേരും വിവരണവും താമസസ്ഥലവും എഴുതേണ്ടതും തനിക്ക് എഴുതാൻ കഴിവില്ലെങ്കിൽ ആ രജിസ്ററിൽ തന്റെ പേരും വിവരണവും താമസസ്ഥലവും ചേർത്തതിന്റെ എതിരായി തന്റെ വിരലടയാളം പതിക്കേണ്ടതും, അങ്ങനെയുള്ള സംഗതിയിൽ ആ വിവരങ്ങൾ രജിസ്ട്രാർ ചേർക്കേണ്ടതും ആകുന്നു.

12. അറിവുകൊടുക്കുന്ന ആൾക്ക് രജിസ്ട്രേഷന്റെ ഉൾക്കുറിപ്പുകളുടെ എക്സ്ട്രാക്ററ് നല്കണമെന്ന്.—രജിസ്ട്രാർ ജനനത്തിന്റേയോ മരണത്തിന്റേയോ രജിസ്ട്രേഷൻ പൂർത്തിയായാലുടൻ 8–ാം വകുപ്പിന്റേയോ 9–ാം വകുപ്പിന്റേയോ കീഴിൽ അറിവുകൊടുക്കുന്ന ആൾക്ക് അങ്ങനെയുള്ള ജനനമോ

മരണമോ സംബന്ധിച്ച രജിസ്റ്ററിൽനിന്ന് നിർണ്ണയിക്കപ്പെട്ട വിവരങ്ങളുടെ ഒരു എക്സ്ട്രാക്റ്റ് തന്റെ കൈയൊപ്പുവച്ച് യാതൊരു ചാർജ്ജും കൂടാതെ നല്കേണ്ടതാകുന്നു.

13. താമസിച്ചുള്ള ജനനമരണ രജിസ്ട്രേഷൻ:—(1) ജനനത്തെയോ മരണത്തെയോ കുറിച്ച് അറിവുകൊടുക്കേണ്ട വിനിർദ്ദിഷ്ടകാലാവധി അവസാനിച്ചതിനുശേഷവും, എന്നാൽ അത് സംഭവിച്ചതിന് മുപ്പതു ദിവസത്തിനുള്ളിലും, രജിസ്ട്രാർക്ക് അറിവുകൊടുക്കുന്ന ഏതെങ്കിലും ജനനമോ മരണമോ സംബന്ധിക്കുന്ന വിവരം നിർണ്ണയിക്കപ്പെടുന്ന ലേറ്റ് ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

(2) ജനനമോ മരണമോ സംഭവിച്ച മുപ്പതു ദിവസങ്ങൾക്കുശേഷവും, എന്നാൽ ഒരു വർഷത്തിനുള്ളിലും രജിസ്ട്രാർക്ക് താമസിച്ച് അറിവു കൊടുക്കുന്ന ഏതെങ്കിലും ജനനമോ മരണമോ നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടിയും, നിർണ്ണയിക്കപ്പെട്ട ഫീസ് അടയ്ക്കുകയും ഒരു നോട്ടറി പബ്ലിക്കിന്റേയോ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് ഇതിലേയ്ക്ക് പ്രാധികാരം നല്കിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റേയോ മുമ്പാകെ ചെയ്തിട്ടുള്ള സത്യവാങ്മൂലം ഹാജരാക്കുകയും ചെയ്തുകൊണ്ടും, മാത്രം രജിസ്റ്റർ ചെയ്യപ്പെടേണ്ടതാകുന്നു.

(3) ജനനമോ മരണമോ സംഭവിച്ച് ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും ജനനമോ മരണമോ, അത് ശരിയാണെന്ന് പരിശോധിച്ചറിഞ്ഞതിനു ശേഷം ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റോ പ്രസിഡൻസി മജിസ്ട്രേറ്റോ പാസ്സാക്കുന്ന ഉത്തരവു പ്രകാരവും നിർണ്ണയിക്കപ്പെട്ട ഫീസ് അടച്ചും മാത്രം രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

(4) ഈ വകുപ്പിലെ വ്യവസ്ഥകൾ, രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി വിനിർദ്ദേശിച്ച സമയത്തിനുള്ളിൽ ഏതെങ്കിലും ജനനമോ മരണമോ താൻ രജിസ്റ്റർ ചെയ്യാത്തതിന്, ഒരു ആൾക്കെതിരെ എടുക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഭംഗം വരുത്തുന്നതല്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും ജനനമോ മരണമോ, അങ്ങനെയുള്ള ഏതെങ്കിലും നടപടി നിലവിലിരിക്കുമ്പോൾ രജിസ്റ്റർ ചെയ്യാവുന്നതും ആണ്.

14. കുട്ടിയുടെ പേരിന്റെ രജിസ്ട്രേഷൻ:—ഏതെങ്കിലും കുട്ടിയുടെ ജനനം പേര് കൂടാതെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ, അങ്ങനെയുള്ള കുട്ടിയുടെ മാതാപിതാക്കളോ രക്ഷാകർത്താവോ, വാക്കാലോ എഴുതിയോ കുട്ടിയുടെ പേരു സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ട കാലാവധിക്കുള്ളിൽ രജിസ്ട്രാർക്ക് അറിവുകൊടുക്കേണ്ടതും, അപ്പോൾ രജിസ്ട്രാർ അങ്ങനെയുള്ള പേര് രജിസ്റ്ററിൽ ചേർക്കുകയും, ആ ഉൾക്കുറിപ്പു ഇനിഷ്യ ചെയ്ത് തീയതി വയ്ക്കേണ്ടതുമാകുന്നു.

15. ജനന മരണ രജിസ്റ്ററിലെ ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യൽ:—രജിസ്ട്രാർ ഈ ആക്റ്റിൻ കീഴിൽ സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും രജിസ്റ്ററിലെ ജനനമരണത്തെക്കുറിച്ചുള്ള ഏതെങ്കിലു ഉൾക്കുറിപ്പ്, രൂപത്തിലോ സാരാംശത്തിലോ തെറ്റായിട്ടുള്ളതാണെന്നോ അല്ലെങ്കിൽ വഞ്ചനാപൂർവ്വകമായോ അനുചിതമായോ ചേർത്തിട്ടുള്ളതാണെന്നോ രജിസ്ട്രാർക്ക് ബോദ്ധ്യമാകത്തക്കവണ്ണം തെളിയിക്കപ്പെടുകയാണെങ്കിൽ, അദ്ദേഹത്തിന്, അങ്ങനെയുള്ള ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്ന ഉപാധികളും, പരിതഃസ്ഥിതികളും സംബന്ധിച്ച

സ്റ്റേറ്റ് ഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ആദ്യത്തെ ഉൾക്കുറിപ്പിന് ഒരു മാററവും വരുത്താതെ അതിന്റെ മാർജ്ജിനിൽ തക്ക ഉൾക്കുറിപ്പ് ചേർത്ത് തെററുതിരുത്തുകയോ ഉൾക്കുറിപ്പ് റദ്ദാക്കുകയോ ചെയ്യാവുന്നതും, മാർജ്ജിനിലെ ഉൾക്കുറിപ്പിൽ അദ്ദേഹം ഒപ്പിടുകയും തിരുത്തുകയോ റദ്ദാക്കുകയോ ചെയ്ത തീയതി അതിനോട് ചേർക്കേണ്ടതും ആകുന്നു.

## അദ്ധ്യായം IV

## റിക്കാർഡുകളും സ്ഥിതിവിവരക്കണക്കുകളും വച്ചുപോരൽ

16. രജിസ്ട്രാർമാർ രജിസ്റററുകൾ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സൂക്ഷിക്കണമെന്ന്:—(1) ഏതൊരു രജിസ്ട്രാറും, താൻ അധികാരിത പ്രയോഗിക്കുന്ന രജിസ്ട്രേഷൻ പ്രദേശത്തേക്കോ അതിന്റെ ഏതെങ്കിലും ഭാഗത്തേക്കോ ഒരു ജനനമരണ രജിസ്ററർ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സൂക്ഷിക്കേണ്ടതാകുന്നു.

(2) ചീഫ് രജിസ്ട്രാർ, അതത് സമയത്ത് നിർണ്ണയിക്കപ്പെടുന്ന ഫാറങ്ങൾക്കും ആദേശങ്ങൾക്കും അനുസൃതമായി ജനനമരണങ്ങൾ സംബന്ധിച്ച് ഉൾക്കുറിപ്പ് ചേർക്കുന്നതിന് വേണ്ടതു രജിസ്ററർ ബുക്കുകൾ അച്ചടിപ്പിച്ച് നല്കേണ്ടതാകുന്നു. തദ്ദേശ ഭാഷയിലുള്ള അങ്ങനെയുള്ള ഫാറങ്ങളുടെ പകർപ്പ്, ഓരോ രജിസ്ട്രാറുടേയും ആഫീസിന്റെ പുറംവാതിലിൻ മേലോ അതിന് സമീപത്തോ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് പതിക്കേണ്ടതും ആകുന്നു.

17. ജനനമരണ രജിസ്റററിന്റെ ശോധന:—(1) ഫീസും പോസ്ററൽ ചാർജ്ജും നല്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ ഉൾപ്പെടെ, സ്റേററുഗവൺമെന്റ് ഇതിലേക്കായി ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായി, ഏതെങ്കിലും ആൾക്ക്—

(ക) രജിസ്ട്രാറെക്കൊണ്ട് ജനനമരണ രജിസ്റററിലെ ഏതെങ്കിലും ഉൾക്കുറിപ്പിനുള്ള ശോധന നടത്തിക്കുകയും,

(ഖ) ഏതെങ്കിലും ജനനത്തേയോ മരണത്തേയോ സംബന്ധിച്ച് അങ്ങനെയുള്ള രജിസ്റററിൽ നിന്ന് ഒരു എക്സ്ട്രാക്റ്റ് വാങ്ങുകയും, ചെയ്യാവുന്നതാണ്:

എന്നാൽ ഏതെങ്കിലും മരണത്തെ സംബന്ധിച്ച് ഏതെങ്കിലും ആൾക്ക് കൊടുത്ത യാതൊരു എക്സ്ട്രാക്റ്റിലും രജിസ്റററിൽ ചേർത്തിട്ടുള്ള മരണകാരണം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്താൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻ കീഴിൽ നല്കുന്ന എല്ലാ എക്സ്ട്രാക്റ്റുകളും, രജിസ്ട്രാറോ, അല്ലെങ്കിൽ ഇൻഡ്യൻ തെളിവു ആക്റ്റ്, 1872 (1872-ലെ 1)-ലെ 76-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള എക്സ്ട്രാക്റ്റുകൾ നല്കാൻ സ്റേററ് ഗവൺമെന്റ് പ്രാധികാരം നല്കിയിട്ടുള്ള മറേറതെങ്കിലും ഉദ്യോഗസ്ഥനോ സർട്ടിഫൈ ചെയ്യേണ്ടതും, ഏതു് ജനനത്തേയോ മരണത്തേയോ കുറിച്ചുള്ളതാണോ ആ ഉൾക്കുറിപ്പ്, ആ ജനനമോ മരണമോ തെളിയിക്കുന്നതിനുവേണ്ടി തെളിവിൽ സ്വീകരിക്കപ്പെടേണ്ടതുമാകുന്നു.

18. **രജിസ്ട്രേഷൻ ആഫീസുകളുടെ പരിശോധന:**—ഡിസ്ട്രിക്റ്റ് രജിസ്ട്രാർ വിനിർദ്ദേശിക്കുന്ന രീതിയിലും അധികാരസ്ഥാനത്താലും രജിസ്ട്രേഷൻ ആഫീസുകൾ ഇൻസ്പെക്റ്റ് ചെയ്യപ്പെടുകയും അവിടെ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ പരിശോധിക്കപ്പെടുകയും ചെയ്യേണ്ടതാകുന്നു.

19. **രജിസ്ട്രാർമാർ ചീഫ് രജിസ്ട്രാർക്ക് സമാഹരണത്തിനുവേണ്ടി കാലിക റിട്ടേണുകൾ അയക്കണമെന്ന്:**—(1) ഓരോ രജിസ്ട്രാറും അങ്ങനെയുള്ള രജിസ്ട്രാർ സൂക്ഷിക്കുന്ന രജിസ്ററിലെ ജനനമരണങ്ങളെക്കുറിച്ചുള്ള ഉൾക്കുറിപ്പുകളെപ്പററിയുള്ള റിട്ടേൺ ചീഫ് രജിസ്ട്രാർക്കോ അല്ലെങ്കിൽ അദ്ദേഹം വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, നിർണ്ണയിക്കപ്പെടുന്നവിധം ഇടവിട്ടും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും അയക്കേണ്ടതാകുന്നു.

(2) രജിസ്ട്രാർമാർ നല്കിയ റിട്ടേണുകളിലെ വിവരം, ചീഫ് രജിസ്ട്രാർ സമാഹരിപ്പിക്കേണ്ടതും ആ വർഷത്തിൽ രജിസ്ററർ ചെയ്ത ജനനമരണത്തെക്കുറിച്ച് ഒരു സ്ഥിതിവിവര റിപ്പോർട്ട്, നിർണ്ണയിക്കപ്പെടുന്ന വിധം ഇടവിട്ടും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

## അദ്ധ്യായം V

## പലവക

20. **പൗരൻമാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള ജനനവും മരണവും രജിസ്ററർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ:**—(1) കേന്ദ്ര ഗവൺമെൻറ് ഇതിലേക്കായി ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി,

രജിസ്ട്രാർ ജനറൽ, തനിക്ക് ഇൻഡ്യൻ പൗരൻമാരുടെ ഇൻഡ്യയ്ക്ക് വെളിയിലുള്ള ജനനമരണങ്ങളെക്കുറിച്ച് അങ്ങനെയുള്ള പൗരൻമാരുടെ ഇൻഡ്യൻ കാൺസുലേററുകളിലെ രജിസ്ട്രേഷൻ സംബന്ധിച്ച പൗരത്വ ആക്റ്റ്, 1955 (1955- ലെ 57)–ൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കു കീഴിൽ കിട്ടുന്ന വിവരം രജിസ്ററർ ചെയ്യിക്കേണ്ടതും, അങ്ങനെയുള്ള ഓരോ രജിസ്ട്രേഷനും കൂടി ഈ ആക്റ്റിൻ കീഴിൽ യഥാവിധി ചെയ്തതായി കരുതപ്പെടുന്നതും ആകുന്നു.

(2) ഇൻഡ്യയ്ക്ക് വെളിയിൽ ജനിച്ച ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് (1)–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വിവരം ലഭിച്ചിട്ടില്ലാത്ത സംഗതിയിൽ, കുട്ടിയുടെ മാതാപിതാക്കൻമാർ ഇൻഡ്യയിൽ സ്ഥിരവാസമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഇൻഡ്യയിലേക്ക് തിരിച്ചുവരുകയാണെങ്കിൽ, ഇൻഡ്യയിൽ ആ കുട്ടി എത്തിയ തീയതി മുതൽ അറുപതു ദിവസത്തിനകം എപ്പോഴെങ്കിലും, ആ കുട്ടി ഇൻഡ്യയിൽ ജനിച്ചിരുന്നാലെന്നപോലെ, ആ കുട്ടിയുടെ ജനനം, അവർക്ക് ഈ ആക്റ്റിൻ കീഴിൽ രജിസ്ററർ ചെയ്തു കിട്ടാവുന്നതും മുൻപറഞ്ഞ അറുപതു ദിവസത്തെ കാലാവധി കഴിഞ്ഞ ശേഷം അങ്ങനെയുള്ള കുട്ടിയുടെ ജനനത്തിന് 13–ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതും ആണ്.

21. **ജനനമോ മരണമോ സംബന്ധിച്ചുള്ള വിവരം ലഭിക്കാൻ രജിസ്ട്രാർക്കുള്ള അധികാരം:**—ഏതെങ്കിലും ആളോട്, അങ്ങനെയുള്ള ആൾ താമസിക്കുന്ന പ്രദേശത്തിനുള്ളിലെ ജനനത്തോടൊ മരണത്തോടൊ ബന്ധപ്പെട്ടതും അയാളുടെ

അറിവിൽപ്പെട്ടതുമായ ഏതെങ്കിലും വിവരം നല്കുവാൻ രജിസ്ട്രാർക്ക് വാക്കാലോ എഴുതിയോ ആവശ്യപ്പെടാവുന്നതും, ആ ആൾ, അങ്ങനെ ആവശ്യപ്പെട്ടത് അനുസരിക്കുവാൻ ബാദ്ധ്യസ്ഥനാകുന്നതുമാണ്.

22. നിദേശങ്ങൾ നല്കാനുള്ള അധികാരം:—കേന്ദ്ര ഗവൺമെൻറിന്, ഏതെങ്കിലും സ്റേററ് ഗവൺമെൻറിന് ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ആർഡറിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ആ സ്റേററിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമെന്ന് തോന്നുന്ന നിദേശങ്ങൾ നല്കാവുന്നതാണ്.

23. ദണ്ഡനങ്ങൾ:—ഏതെങ്കിലും ആൾ—

(1) (ക) ന്യായമായ കാരണം കൂടാതെ, 8-ം, 9-ം വകുപ്പുകളിലെ വ്യവസ്ഥകളിൽ ഏതിന്റെയെങ്കിലും കീഴിൽ നല്കേണ്ടത് തന്റെ കർത്തവ്യമായിട്ടുള്ള ഏതെങ്കിലും അറിവു നല്കാതിരിക്കുകയോ, അല്ലെങ്കിൽ

(ഖ) അറിയുകയും രജിസ്ററർ ചെയ്യുകയും ചെയ്യേണ്ടതായ വിവരങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച്, വ്യാജമാണെന്ന് താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും അറിവ്, ഏതെങ്കിലും ജനനമരണ രജിസ്ററിൽ ചേർക്കുന്ന ആവശ്യത്തിനുവേണ്ടി കൊടുക്കുകയോ, കൊടുപ്പിക്കുകയോ, അല്ലെങ്കിൽ

(ഗ) 11-ാം വകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം രജിസ്ററിൽ പേരും വിവരണവും വാസസ്ഥലവും എഴുതാനോ തന്റെ വിരലടയാളം പതിക്കാനോ വിസമ്മതിക്കുകയോ,

ചെയ്യുമ്പോൾ അമ്പത് രൂപ വരെയുള്ള പിഴ ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ന്യായമായ കാരണം കൂടാതെ തന്റെ അധികാരതയ്ക്കുള്ളിൽ സംഭവിക്കുന്ന ഏതെങ്കിലും ജനനമോ മരണമോ രജിസ്ററർ ചെയ്യുന്നതിനോ അല്ലെങ്കിൽ 19-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം ഏതെങ്കിലും റിട്ടേണുകൾ സമർപ്പിക്കുന്നതിനോ ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതെങ്കിലും രജിസ്ട്രാറോ സബ് രജിസ്ട്രാറോ അമ്പതു രൂപ വരെയുള്ള പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു സർട്ടിഫിക്കററ് നല്കുവാൻ ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതെങ്കിലും മെഡിക്കൽ പ്രാക്ററീഷണറും, അങ്ങനെയുള്ള സർട്ടിഫിക്കററ് ഡെലിവർ ചെയ്യുവാൻ ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളും, അമ്പതു രൂപ വരെയുള്ള പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) ഈ ആക്ററിലെ ഏതൊരു വ്യവസ്ഥയുടെ ലംഘനത്തിനാണോ ഈ വകുപ്പിൽ ദണ്ഡനത്തിനു വ്യവസ്ഥ ചെയ്തിട്ടില്ലാത്തത്, അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥ ന്യായമായ കാരണം കൂടാതെ ലംഘിക്കുന്ന ഏതൊരാളും പത്തുരൂപ വരെയുള്ള പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(5) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിൻ കീഴിലുള്ള ഒരു കുററം മജിസ്ട്രേററ് സമ്മറിയായി വിചാരണ ചെയ്യേണ്ടതാകുന്നു.

24. കുററങ്ങൾ രാജിയാക്കാനുള്ള അധികാരം.—(1) നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കു വിധേയമായി, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴി ചീഫ് രജിസ്ട്രാർ ഇതിലേക്കായി പ്രാധികാരം നല്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്, ഈ ആക്ററിൻ കീഴിലുള്ള ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിന്റെ മുമ്പോ പിമ്പോ ഈ ആക്ററിൻ കീഴിൽ കുററം ചെയ്തതോ അല്ലെങ്കിൽ ചെയ്തതായി ന്യായമായി സംശയിക്കപ്പെടുന്നതോ ആയ ആളിൽ നിന്ന്, അങ്ങനെയുള്ള ഒരു കുററം രാജിയാക്കുന്നതിനായി അമ്പത് രൂപയിൽ കവിയാത്ത ഒരു തുക സ്വീകരിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള തുക നല്കുമ്പോൾ അങ്ങനെയുള്ള ആൾ കുററത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നതും, അങ്ങനെയുള്ള കുററം സംബന്ധിച്ച് അയാൾക്കെതിരായി തുടർന്നു ഒരു നടപടിയും എടുക്കുവാൻ പാടില്ലാത്തതും ആകുന്നു.

25. പ്രാസിക്യൂഷനുള്ള അനുമതി.—ചീഫ് രജിസ്ട്രാർ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴി ഇതിലേയ്ക്ക് പ്രാധികാരം നല്കുന്ന ഒരു ഉദ്യോഗസ്ഥനാലൊഴികെ ഈ ആക്ററിൻ കീഴിൽ ശിക്ഷാർഹമായ ഒരു കുററത്തിന് യാതൊരു പ്രാസിക്യൂഷനും ആരംഭിക്കപ്പെടുവാൻ പാടുള്ളതല്ല.

26. രജിസ്ട്രാറും സബ്‌രജിസ്ട്രാറും പബ്ലിക് സർവൻറുമാരായി കരുതപ്പെടണമെന്ന്.—ഈ ആക്ററിലെ വ്യവസ്ഥകളോ അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ചു പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ എല്ലാ രജിസ്ട്രാർമാരും സബ്‌രജിസ്ട്രാർമാരും, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ള പബ്ലിക് സർവൻറുമാരായി കരുതപ്പെടുന്നതാകുന്നു.

27. അധികാരങ്ങൾ പ്രത്യയോജനം ചെയ്യൽ.—സ്റേറററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഈ ആക്ററിനോ (30-ാം വകുപ്പിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ഒഴിച്ച്) അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ കീഴിൽ അതിന് പ്രയോഗിക്കാവുന്ന ഏതെങ്കിലും അധികാരം നിദേശത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾ ഏതെങ്കിലും ഉണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി, നിദേശത്തിൽ വിനിർദ്ദേശിക്കുന്നതും സ്റേറററ് ഗവൺമെൻറിൻ കീഴിലുള്ളതുമായ ഉദ്യോഗസ്ഥനും അല്ലെങ്കിൽ അധികാരസ്ഥാനത്തിനും കൂടി, പ്രയോഗിക്കാമെന്നു നിദേശിക്കാവുന്നതാണ്.

28. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്കുള്ള രക്ഷണം.—(1) ഈ ആക്ടോ അതിൻ കീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തിനെങ്കിലും ഗവൺമെൻറിനോ രജിസ്ട്രാർ ജനറൽക്കോ ഏതെങ്കിലും രജിസ്ട്രാർക്കോ ഈ ആക്ററിൻകീഴിലുള്ള എന്തെങ്കിലും അധികാരം പ്രയോഗിക്കുകയോ കർത്തവ്യം നിർവ്വഹിക്കുകയോചെയ്യുന്ന ഏതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രാസിക്യൂഷനോ മററു നിയമ നടപടിയോ നിലനില്ക്കുന്നതല്ല.

(2) ഈ ആക്ടോ അല്ലെങ്കിൽ അതിൻകീഴിലോ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസത്തിൽ ചെയ്യുകയോ ചെയ്യുവാൻ ഉദ്ദേശിക്കുകയോ ചെയ്തിട്ടുള്ള എന്തിനാലെങ്കിലും,

ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നാശനഷ്ടത്തിന്, യാതൊരു വ്യവഹാരമോ മററു നിയമ നടപടിയോ ഗവൺമെൻറിനെതിരായി നിലനില്ക്കുന്നതല്ല.

29. ഈ ആക്ററ് 1886–ലെ 6–ാം ആക്ററിന് ന്യൂനത വരുത്തുന്നതല്ല.— ഈ ആക്ററിലെ യാതൊന്നും ജനനമരണ വിവാഹ രജിസ്ട്രേഷൻ ആക്ററ്, 1886 (1886–ലെ 6)-ലെ വ്യവസ്ഥകൾക്ക് ന്യൂനത വരുത്തുന്നതായി അർത്ഥം കൽപിക്കുവാൻ പാടുള്ളതല്ല.

30. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സ്റേററ് ഗവൺമെൻറിന്, കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തോടുകൂടി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിലെ ആവശ്യങ്ങൾ നിറവേററുന്നതിനു വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്നവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(ക) ഈ ആക്ററിൻ കീഴിൽ സൂക്ഷിക്കേണ്ട ജനനത്തിൻേറയും മരണത്തിൻേറയും രജിസ്ററുകളുടെ ഫാറങ്ങൾ;

(ഖ) ഏതു കാലാവധിക്കുള്ളിലും ഏതു ഫാറത്തിലും രീതിയിലുമാണ് 8–ാം വകുപ്പിൻകീഴിൽ രജിസ്ട്രാർക്ക് അറിവ് കൊടുക്കേണ്ടതെന്ന്;

(ഗ) ഏത് കാലാവധിക്കുള്ളിലും ഏത് രീതിയിലുമാണ് ജനനമരണങ്ങൾ 10–ാം വകുപ്പ് 1–ാം ഉപവകുപ്പിൻ കീഴിൽ അറിയിക്കേണ്ടതെന്ന്;

(ഘ) ഏത് ആളിൽനിന്നും ഏത് ഫാറത്തിലുമാണ് മരണകാരണത്തെപ്പററിയുള്ള സർട്ടിഫിക്കററു വാങ്ങേണ്ടതെന്ന്;

(ങ) 12–ാം വകുപ്പിൻ കീഴിൽ ഏത് വിവരങ്ങളുടെ എക്സ്ട്രാക്ററ് നല്കാമെന്ന്;

(ച) 13–ാം വകുപ്പ് (2)–ാം ഉപവകുപ്പിൻ കീഴിൽ ജനനമോ മരണമോ രജിസ്ററർ ചെയ്യുന്നതിനുള്ള അനുവാദം നല്കാവുന്ന അധികാര സ്ഥാനമേതെന്ന്;

(ഛ) 13–ാം വകുപ്പിൻകീഴിൽ ചെയ്യുന്ന രജിസ്ട്രേഷന് നല്കേണ്ട ഫീസ്;

(ജ) 4–ാം വകുപ്പ് (4)–ാം ഉപവകുപ്പിൻ കീഴിൽ ചീഫ് രജിസ്ട്രാർ റിപ്പോർട്ടുകൾ സമർപ്പിക്കൽ;

(ഝ) ജനനമരണ രജിസ്ററുകളുടെ ശോധനയും; അങ്ങനെയുള്ള ശോധന ചെയ്യുന്നതിനും രജിസ്ററിൽ നിന്ന് എക്സ്ട്രാക്ററ് നല്കുന്നതിനും കൊടുക്കേണ്ട ഫീസും;

(ഞ) ഏത് ഫാറത്തിലും എത്ര ഇടവിട്ടും ആണ് 19–ാം വകുപ്പിൻ കീഴിൽ ഉള്ള റിട്ടേണുകളും സ്ഥിതിവിവര റിപ്പോർട്ടുകളും നല്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതെന്ന്;

(ട) രജിസ്ട്രാർമാർ സൂക്ഷിക്കുന്ന രജിസ്ററുകളുടേയും മററു റിക്കാർഡുകളുടേയും കസ്ററഡിയ്ക്കും ഹാജരാക്കലിനും കൈമാററത്തിനും;

(ഠ) ജനനമരണ രജിസ്ററിലുള്ള തെററുകൾ തിരുത്തലും ഉൾക്കുറിപ്പുകൾ റദ്ദാക്കലും;

(ഡ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടുന്നതോ ആയ മറേറതെങ്കിലും വിഷയം.

31. റദ്ദാക്കലും ഒഴിവാക്കലും.—(1) 29-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും സ്റേററിലോ അതിന്റെ ഭാഗത്തോ ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതുമുതൽ ഈ ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളം, അവിടെ പ്രാബല്യത്തിലുള്ള നിയമം, അതാതു സംഗതിപോലെ, അങ്ങനെയുള്ള സ്റേററിലോ അല്ലെങ്കിൽ ഭാഗത്തോ റദ്ദാക്കുന്നതാണ്.

(2) അങ്ങനെ റദ്ദായാൽതന്നെയും, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ, (പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ആദേശമോ നിദേശമോ, ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റഗുലേഷനോ ചട്ടമോ അല്ലെങ്കിൽ ഉത്തരവോ ഉൾപ്പെടെ) അങ്ങനെയുള്ള കാര്യമോ നടപടിയോ, അവ ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമാകാത്തിടത്തോളം, ആ വ്യവസ്ഥകൾ അങ്ങനെയുള്ള കാര്യം ചെയ്തപ്പോഴോ അങ്ങനെയുള്ള നടപടി എടുത്തപ്പോഴോ പ്രാബല്യത്തിലിരുന്നാലെന്നപോലെ മേൽപറഞ്ഞ വ്യവസ്ഥകൾക്കു കീഴിൽ, ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും ഈ ആക്ററിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യത്തിലോ എടുത്ത ഏതെങ്കിലും നടപടിയാലോ ദുർബലപ്പെടുത്തുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു.

32. വിഷമത നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്ററിലെ വ്യവസ്ഥകൾ ഏതെങ്കിലും സ്റേററിൽ പ്രഭാവത്തിൽ കൊണ്ടുവരുന്നതിൽ ഏതെങ്കിലും വിഷമതകൾ ഏതെങ്കിലും പ്രദേശത്ത്, അവ ബാധകമാകുന്നതു സംബന്ധിച്ച് ഉൽഭവിക്കുകയാണെങ്കിൽ, സ്റേററ് ഗവൺമെൻറിന് കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തോടുകൂടി, ഉത്തരവ് വഴി വിഷമത നീക്കം ചെയ്യുന്നതിന് സ്റേററ് ഗവൺമെൻറിന് ആവശ്യകമെന്നോ സമീചീനമെന്നോ തോന്നുന്നതും ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും ആയ വ്യവസ്ഥകൾ ഉണ്ടാക്കുകയോ നിദേശങ്ങൾ നല്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, ഒരു സ്റേററിലെ ഏതെങ്കിലും പ്രദേശം സംബന്ധിച്ച്, ആ പ്രദേശത്ത് ഈ ആക്ററ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

---